# ജി എച്ച് എസ് എസ്

# ചാവശ്ശേരി



# വാനിൻ തുമ്പികൾ



ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

## ദേശീയ ഗാനം

ജന ഗണ മന അധിനായക  ജയഹേ

ഭാരത ഭാഗ്യ വിധാതാ

പഞ്ചാബ് സിന്ധു ഗുജറാത്ത് മറാത്ത

ദ്രാവിഡ ഉത്കല  ബംഗ...

വിന്ധ്യ ഹിമാചല യമുനാ ഗംഗാ

ഉച്ഛല ജലധി തരംഗാ....

തവ ശുഭ നാമേ ജാഗേ..

തവ ശുഭ ആശിഷ മാഗേ...

ഗാഹേ തവ ജയ ഗാഥാ ....

ജനഗണ മംഗള ദായക ജയ ഹേ....

ഭാരത ഭാഗ്യ വിധാതാ ...

ജയ ഹേ ... ജയ ഹേ .... ജയ ഹേ .....

ജയ ജയ ജയ ജയ ഹേ .....

# ആശംസകൾ



പൂഴിമണലിൽ വിരൽത്തുമ്പ് അമർത്തി എഴുതിത്തുടങ്ങിയ മലയാളി ടച്ച് സ്ക്രീനിൽ വിരലമർത്തി വിസ്മയങ്ങൾ തീർക്കുന്ന ഡിജിറ്റൽ യുഗത്തിലാണ് നാം ജീവിക്കുന്നത്...... ചാവശ്ശേരി ഗവ.ഹയർ സെക്കൻററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അവരുടെ പ്രിയപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന "വാനിൻ തുമ്പികൾ " എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗസൃഷ്ടികൾക്ക് കൂടുതൽ മിഴിവും ചാരുതയും ഏകി നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒന്നാകട്ടെ....... ഒരു വ്യത്യസ്ത അനുഭവമാകട്ടെ.......

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് - വിവര - വിജ്ഞാന സാങ്കേതിക വിഹായസ്സിലേക്ക് പറന്നുയരുന്ന വാനിൻ തുമ്പികൾ അറിവ് ഒരു ആഹ്ലാദത്തിമിർപ്പോടെയും വർധിത ഉത്സാഹത്തോടെയും ആർജിതമാക്കുന്ന കുട്ടിക്കൂട്ടങ്ങൾ കൊച്ചു പട്ടങ്ങൾ സ്വതന്ത്ര വിഹാരത്തിനിടെ സ്വരുക്കൂട്ടുന്ന സർഗ സൃഷ്ടിക്ക് എന്റെ ഭാവുകങ്ങൾ

# ആശംസകൾ



മാഗസീൻ എന്നത് അനേകം പേരുടെ കൂട്ടായ പ്രവർത്തനത്തിൽ ഉടലെടുക്കുന്ന ഭാവനാ സൃഷ്ടികളുടെ സഞ്ചയമാണ്. അച്ചടിയന്ത്രത്തിന്റെ അച്ചുകൾ കീബോർഡിന് വഴിമാറിയപ്പോൾ ഭാവനയ്ക്ക് ഒപ്പം ഭാവനാലേഖനത്തിനും വേഗം കൂടി.മാഗസിനുകൾ വിരൽ തുമ്പിൽ വിരിയുന്ന വിസ്മയമായി മാറി . ചാവശ്ശേരി ഹയർ സെക്കൻഡറി സ്കൂളിലെ കുഞ്ഞുപട്ടങ്ങൾ ചിറകുവിരിയിച്ച "വാനിൻ തുമ്പികൾ ക്ക്" ഹൃദയം നിറഞ്ഞ ആശംസകൾ

**ഉള്ളടക്കം**


.........4
ചരിത്രം.........6
ക്രൂരത.........7
നന്മയ്ക്ക്.........8
*പൂന്തോട്ടം*.........11
പ്രകൃതി മനോഹരി.........12
ലേഖനം.........13
പ്രിയപ്പെട്ട കൂട്ടുകാരെ,.........15
നിർവൃതി.........17
മറക്കരുത് ഇവരെ.........18
ഹൈടെക്കിലൂടെ വിദ്യാഭ്യാസം.........23
അമ്മയാം മലയാളം.........26
കരിയില.........27
അവൻ പോവുകയാണ്.........28
ശലഭങ്ങളേ സൂക്ഷിക്കൂ.........29
ജാതകം.........30
വിദ്യാലയം പ്രതിഭകളോടൊപ്പം.........32
അന്നത്തെ ആ വായനയല്ല ഇന്നത്തെ ഇ വായന.........37
കനവ്.........38
പി ടി എ.........42
പ്രവേശനോത്സവം.........43
മൂല്യമുള്ള മൂന്നാംതരം.........44
ജെ ആർ സി / സ്കൗട്ട്.........45
സങ്കലിത വിദ്യാഭ്യാസം.........46
കൗൺസിലിംഗ്.........47
ലിറ്റിൽ കൈറ്റ്സ്.........48
എസ് പി സി.........48
പേപ്പർബാഗ് നിർമ്മാണം.........49
കലോൽസവം.........50
വാർഷികം.........51
തൈക്കോണ്ടോ.........52
കരാട്ടെ.........53
വലയസൂര്യഗ്രഹണം.........54

## ആമുഖം

19ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ചാവശ്ശേരി കോവിലകത്തിന്റെ സഹായത്തോടെ കരിമ്പിലെക്കണ്ടി ചാത്തുക്കുട്ടി ഗുരിക്കൾ എന്ന നിലത്തെഴുത്താശാനാണ് ഈ വിദ്യാലയം സ്ഥാപിച്ചത്.തുടർന്ന് 1914 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയമാക്കിത്തീർത്തു.1924 ൽ എൽ പി സ്കൂളായും 1957 ൽ യു പി,1980 ൽ ഹൈസ്കൂളായും പിന്നീട് 1997 ൽ ഹയർസെക്കന്ററി സ്കൂളായും മാറി.



# രചനാസമിതി

ചീഫ് എഡിറ്റർ ഹെഡ്മിസ്ട്രസ് : ഇന്ദിര പി കെ

സ്റ്റാഫ് എഡിറ്റർ : വൃന്ദ സി എച്ച്

സ്റ്റുഡന്റ് എഡിറ്റർ : പ്രഷ്യസ് പി സുരേഷ്

## അംഗങ്ങൾ

സുധ വി എം

രശ്മി വി പി

ജിത ടി സി

ഷിംലാൽ

അനാമിക പി വി

അനശ്വര എൻ

ആവണി സി

ഫാത്തിമത്തുൽ ഫിദ വി പി

ശ്രീനന്ദ സുനിൽ

# ക്രൂരത

ഹേയ്  മനുഷ്യാ സ്നേഹത്തിൽ വിലയറിയാതെ
സ്നേഹത്തിൽ പൊരുളറിയാതെ
എന്തിനു നീയി ലോകത്തു വസിക്കുന്നു
എന്തിനു നീ ജാതിയുടെ പേരിൽ
ഒരതിർത്തി പണിയുന്നു
ജാതി മതം വർഗം എന്തിനാണവ
ഒഴുകിടും ചോര നിറം ചുവപ്പല്ലോ
പിന്നെന്തിനാണൊരതിർത്തി
അറിയാതെ കണ്ടിഷ്ടപ്പെട്ട ഇണക്കുരുവികളെ
ജാതി മതമായതിൻ പേരിൽ നീപിച്ചിച്ചീന്തി
എന്തിനു നീ ക്രൂരതയുടൈ ചുരുളഴിക്കുന്നു
എന്തിനു നീ വിവേകമില്ലായ്മതൻ വഴിപിൻതുടരുന്നു.
അന്നു നീയാ ഇണക്കുരുവികൾക്കിടയിൽ
അതിർത്തി പണിതില്ലായിരുന്നെങ്കിൽ
അവയും ഇന്നീ  ലോകത്ത് പാറിപ്പറന്നേനെ
നീ ഒന്ന് ചിന്തിക്കു
ഉയർന്നുപൊങ്ങിടുംഅതിർത്തികൾ
നാശത്തിൻ വിത്തുവിതക്കും
അവിവേകത്തിൻ വിളകൾ കൊയ്യും
പിന്നെന്തിനു നീ ആ
വഴിതൻ സഞ്ചാരിയാവുന്നു തകർത്തെറിയുവിനവയെ
വരു നമുക്ക് കൈകോർക്കാം
നല്ലൊരു നാളേക്കായ്

അക്ഷയ .കെ

# ലളിതജീവിതം സാമൂഹ്യ

## നന്മയ്ക്ക്

ആർഭാടത്തിൽ നിന്നും ലാളിത്യത്തിലേക്ക് നാം കടന്നു ചെന്നാൽ ഒരുപക്ഷേ ഇന്നത്തെ സമൂഹം നമ്മെ പരിഹസിച്ചേക്കാം. അവർ അറിയുന്നില്ല നാംആ സമൂഹത്തിന്റെ നന്മയ്ക്കാണ് പ്രവർത്തിക്കുന്നതെന്ന്. പക്ഷെ ആർഭാടത്തിന്റെ ഉന്മാദാവസഥയിൽ കഴിയുന്ന ഇന്നത്തെ ജനതയെലളിതമാക്കാൻ ചിലപ്പോൾ ആ വ്യക്തിക്ക് സാധിച്ചേക്കാം.

എന്താണ് ലളിത ജീവിതം? ആവശ്യങ്ങളിലധിഷ്ഠിതമായ ജീവിതമാണത്. നമ്മുക്കെല്ലാവർക്കും ആവശ്യങ്ങളുണ്ട്. ഈ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയാണ് നാം ജീവിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ പരിമിതമാണ്. ആവശ്യങ്ങൾ പൂർത്തീകരിച്ചാലും സംതൃപ്തമായ ഒരു മനസ്സിന്റെ അഭാവം ഒരാളെ അത്യാഗ്രഹത്തിലേക്ക് നയിക്കുന്നു. ആവശ്യം പോലെയല്ല, അത്യാഗ്രഹത്തിന് പരിധികളില്ല. പരിധിയില്ലാത്ത ആഗ്രഹങ്ങളുടെ പിറകെ ഒരാൾ ഓടുകയാണെങ്കി ൽ അയാൾ ഒരിക്കലും സംതൃപ്തനാവുകയില്ല. ലളിതമായ ജീവിതം കൊണ്ടുദ്ദേ ശമാക്കുന്നത് പരിമിതമായ ആവശ്യങ്ങൾ കൊണ്ട് ജീവിക്കുക എന്നാണ്. അല്ലാതെ പരിധിയില്ലാത്ത ആഗ്രഹങ്ങൾ കൊണ്ട് ജീവിക്കുക എന്നല്ല. ലളിത ജീവിതം എല്ലാ പ്രശ്നത്തിൽ നിന്നും ഒരു സുരക്ഷയാണ്. സമയം, ഊർജ്ജം, സമ്പത്ത്, മറ്റു വിഭവങ്ങൾ തുടങ്ങിയവ മിച്ചം വെയ്ക്കാൻ ഇത് ഒരാളെ പ്രാപ്തനാക്കുന്നു. അതിലൂടെ ആ സമൂഹം ആ പാത പിൻതുടർന്നേക്കാം. ആഡംഭരത്തിൽ കഴിയുന്ന വ്യക്തിക്ക് അല്ലെങ്കിൽ അത് ആഗ്രഹിക്കുന്ന

സാധാരണക്കാരന് ജീവിതം, മരണം തുടങ്ങിയ ഗൗരവതരമായ വിഷയങ്ങളെ പറ്റി അറിയില്ല. ഭൗതികമായി ഉയരം കുറഞ്ഞവരാണവർ. ഒരാവശ്യത്തെക്കാൾ കവിഞ്ഞ എന്തും താൽക്കാലികമാണ്. എന്നാ ദീർഘകാലാടിസ്ഥാനത്തിൽ അത് ശരിയായ പാതയിൽ നിന്നും ഒരാളെ തെറ്റിക്കുന്നു.

ലക്ഷ്യത്തിൽ നിന്നും അയാളെ അകറ്റുന്നു. അതുകൊണ്ട് ആവശ്യങ്ങൾ മാത്രം പൂർത്തീകരിക്കുക എന്നത് പ്രധാനമാണ്. ലാളിത്യത്തിന്റെ ജീവിതശൈലി തുടരാൻ ഓരോ മതഗ്രന്ഥങ്ങളിൽ പറയുന്നു. എന്നാൽ അവരതിന് പ്രാദാന്യം നൽകുന്നില്ല. എന്നാൽ അവ തിന്മയ്ക്കായ് ഉപയോഗിക്കുന്നു.

എല്ലാവരും 100 വർഷം ജീവിക്കാൻ ആഗ്രഹിക്കുന്നു. എന്താണ് അതിനു വഴി? പഴയ തലമുറയിലെ ആളുകളിലേക്ക് നോക്കാം അവരുടെ ജീവിതശൈലി എന്തെന്നു നോക്കാം. ഉത്തരം വളരെ ലളിതം അതെ ലളിതമായ ജീവിതമാണ് അവരുടെ വിജയം. ലളിത ജീവിതം നയിക്കണമെന്ന് മഹാത്മാക്കൾ നമ്മെ ഉപദേശിക്കുന്നു. ആധുനിക സമൂഹത്തിൽ ലളിത ലളിത ജീവിതമെന്നതിനും വ്യത്യസ്ത അർത്ഥതലങ്ങളുണ്ട്. ഒരാൾക്ക് ലളിതമായത് മറ്റൊരാൾക്ക് ധാരാളമായി തോന്നാം.

എന്തായാലും ലള്തമായി ജീവിക്കുക എന്നത് ഒരു ചെറിയ കാര്യമല്ല. അതൊരു പരീക്ഷണമാണ്. ഒപ്പം ക്ഷമയും ആവശ്യമാണ്. 'എല്ലാവരുടെയും ആവശ്യത്തിനുള്ളത് ഭൂമിയിലുണ്ട്. എന്നാൽ ഒരാളുടെയും അത്യാഗ്രഹത്തിനുള്ളതില്ല''. എന്നാണ് ഗാന്ധിജി നമ്മെ പഠിപ്പിച്ചത്. കണ്ണാടി പ്രതിഷ്ഠിച്ച് നി നിന്നെ ആരാധിക്കും എന്നും ആഡംഭരമായ ആരാധനയെ നിരാഡംഭരമാക്കാൻ ലോഹങ്ങൾക്കു പകരം ഒരുകുഞ്ഞുകല്ല് പ്രതിഷ്ഠിച്ച ആ ലോക മഹാ ഗുരുവിനെ ഗുരുവിന്റെ വാക്കുകളെ നാം ഓർക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ

പെരുകുന്ന ആഗ്രഹങ്ങൾക്കൊത്ത് ജീവിത സൗകര്യങ്ങളും വർധിപ്പിക്കുകയാണ്. ജീവിതം എളുപ്പമാക്കാൻ കണ്ടെത്തുന്ന യന്ത്ര സാമഗ്രികളും ഉപകരണങ്ങളും ആഗ്രഹങ്ങൾപോലെ തന്നെ ജീവിതം സങ്കീർണമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നതാണ്. മോഹങ്ങൾ സഫലീകരിക്കാനും ആഡംഭരങ്ങൾ സ്വയത്തമാക്കാനുമുള്ള ചിലരുടെ പരക്കം പാച്ചിൽ കണ്ടാൽ തോന്നും അവർ എക്കാലവും ഇവിടെ ജീവിക്കാൻ പോകുകയാണെന്ന്. സൗകര്യങ്ങളൊരുക്കാനുള്ള ഈ തേരോട്ടത്തിൽ നഷ്ടമാകുന്നത് ഈ ഇത്തിരിപ്പോന്ന ജീവിതം തന്നെയാണ്. സുഖവും സന്തോഷവും കണ്ടെത്താനാണ് മനുഷ്യൻ ഈ സങ്കീർണതകളിൽ ജീവിതത്തെ കുരുക്കിയിടുന്നതെന്നാണ് രസകരം. കൂടുതൽ പണം സമ്പാദിക്കുന്നതും സാധനങ്ങൾ വാങ്ങുന്നതും സൗകര്യങ്ങൾ ഒരുക്കുന്നതും ഒക്കെ അത്യന്തികമായി സന്തോഷം ലക്ഷ്യം വച്ചാണ്. എന്നാൽ ലഭിക്കുന്നതോ തിരക്കും അസ്വസ്ഥയും മാനസിക പിരിമുറുക്കവും അസംതൃപ്തിയും മാത്രം. “സന്തോഷത്തിന് വേണ്ടി എന്തിനാണിങ്ങനെ വളഞ്ഞ് മൂക്കിൽ പിടിക്കുന്നത്" എന്നാണ് ബുദ്ധൻ ചോദിച്ചത്.

ലാളിത്യം സ്വാതന്ത്ര്യമാണ്. ജീവിതത്തിന്റെ എല്ലാ സങ്കീർണതകളിൽ നിന്നും അത് സ്വതന്ത്ര്യമേകും. ലളിതം മാതൃകയാക്കി സമൂഹത്തെ അതിലൂടെ ലോകത്തെ വെളിച്ചത്തിലേക്ക് നയിക്കാൻ നാമേവരും പ്രയത്നിക്കണം. സമൂഹം ലാളിത്യത്തിന്റെ വെളിച്ചത്തിൽ പ്രകാശിക്കട്ടേ.......

അനാമിക T.C

IX C

# പൂന്തോട്ടം

വരണ്ട മണ്ണിൽ പുതുമഴപെയ്തു മണ്ണിന് കുളിരേകി
മുളച്ചുപൊങ്ങി മണ്ണിൽ നിന്നും സസ്യലതാദികളും
മുറ്റത്തെന്നും കാണാൻ നല്ലൊരു പൂന്തോട്ടം തീർത്തു
വിടർന്ന പൂക്കൾ കണ്ടു നമ്മുടെ കണ്ണിന് കുളിരേകി

പൂന്തോട്ടത്തിൽ വിരിഞ്ഞു നിന്ന പലവർണ്ണങ്ങളിലായി
പൂന്തേനേണ്ണാൻ പറന്നുവന്നു വണ്ടുകൾ പല വഴിയിൽ
പൂവിടർന്നപ്പോൾ കാറ്റിൽ പൂമണം വീശി
ആ മണം എങ്ങും നല്ലൊരു ആനന്ദം നല്കി
വിടർന്ന പൂക്കൾ തേടി തേടി തേൻ നുകർന്നീടാൻ

വണ്ടിനു കൂട്ടായി എങ്ങോതിന്നും ശലഭം വന്നെത്തി
തെക്കൻകാറ്റുകൾ തഴുകി മെല്ലെ വർണ്ണ പൂവുകളെ
താളലയത്താൽ നൃത്തം വെച്ച ചാഞ്ചാടിക്കൊണ്ട്
ആരും കണ്ടാൽ കൊതിച്ചുപോവും വിടർന്ന പൂവുകളെ
താളലയത്താൽ നൃത്തം വെച്ചു ചാഞ്ചാടിക്കൊണ്ട്
ആരും കണ്ടാൽ കൊതിച്ചു പോകും വിടർന്ന പൂവുകളെ

താളലയത്താൽ നൃത്തം വെച്ചു ചാഞ്ചാടിക്കൊണ്ട്
ആരും കണ്ടാൽ കൊതിച്ചു പോകും വിടർന്ന പൂവുകളെ
കൗതുകമോടെ നോക്കിയിരിക്കും കണ്ണിമ വെട്ടാതെ

യദുപ്രകാശ് വി.കെ

VIII-I

## <u>പ്രകൃതി മനോഹരി</u>

പറയാതെ അകലുന്ന പൊൻതിങ്കളും
പരഭവം ചൊല്ലി പാതി വിടർന്ന
മിഴികളാൽ നിൽക്കും പൂവുകളും
കതിരൊന്നു കൊത്തി വാനിലുയരുന്ന
പാടവരമ്പിലെ നെൽക്കിളിയും

പുലരിയിൽ വിടരുന്ന മധുപുഷ്പവും
മാരിവിൽ നിറമേഴു ചാർത്തിയശലഭവും
പാറിയകലുന്ന നേരമിതാ
കാറ്റിന്റെ ശ്രുതിയിൽ ചേർന്നു പാടുന്നൊരീ
പാട്ടുകാരി കുയിൽ പെണ്ണുമിതാ

ആകാശമേഘങ്ങൾ നീങ്ങുന്നിതാ മെല്ലെ
കളകളം പാടി കരകവിഞ്ഞൊഴുകുന്ന
കരിമീനു നീന്തും തോടുകളും
മെല്ലെ തെളിനീരാലൊഴുകും അരുവികളും

ഇന്നില്ല ഈ ഭംഗി ഈ ഭൂമിയിൽ
ഇല്ലില്ല നന്മകളില്ലില്ല സ്നേഹങ്ങൾ
എല്ലാം മറന്നൊരു മനുഷ്യരും

ചന്ദന പി

X C

# ലേഖനം

<u>വിഷയം- മലയാളം മറക്കുന്ന മലയാളി</u>

മലയാളം മറക്കുന്ന മലയാളി എന്നു പറയുമ്പോൾ പെറ്റമ്മയെ മറക്കുന്ന മക്കളെന്നാണ് അർത്ഥം. മലയാളികളുടെ മാതൃഭാഷയായ മലയാളം ഇന്ന് മലയാളികൾക്ക് അവഗണിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാഴ്ച്ചകളാണ് നമുക്ക് കാണാനാവുക. ഇതിലേറെ ആശ്ചര്യകരം മലയാളികളുടെ സ്വന്തം മാതൃഭാഷയായ മലയാളത്തെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചുകൊണ്ട് ഉത്തരവും പുറപ്പെടുവിച്ചത് ഈ അടുത്തകാലത്താണ് എന്നതാണ് എന്നാൽ ഉത്തരവുകളും പരിഗണനകളുമെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് നമ്മുടെ ഭാഷയെ എല്ലായിടവും അവഗണിക്കുന്നതിന്റെ അനുഭവങ്ങളാണ് ഔദ്യോഗികമായിത്തന്നെ കാണാവുന്നത്.

കേരളത്തിലെ സ്കൂളുകളിൽ മലയാളം ഒന്നാം ഭാഷയായിക്കൊണ്ടുള്ള പൊതുവിദ്യാഭാസ വകുപ്പിന്റെ ഉത്തരവുയിറക്കിയതുതന്നെ 27\05\2011 ലാണ്. ഈ ഉത്തരവ് നടപ്പിലാക്കാനുള്ള സമീപനം കാണുമ്പോൾ മാതൃഭാഷയെ അവഗണനയിൽ നിന്ന് അവമതിപ്പിലേക്ക് എടുത്തിടുകയാണ് അധികാരികൾ ചെയ്യുന്നതു കാണാം. മലയാളത്തിന് അധികമായി കണ്ടെത്തേണ്ട ഒരു പിരീഡ്. രാവിലെ സ്കൂൾ തുടങ്ങുന്നതിനു മുമ്പോ ഉച്ചക്കുള്ള ഇടവേള സമയത്തോ, സ്കൂൾ അടയ്ക്കുന്ന സമയം ദീർഘിപ്പിച്ചോ തന്നെ രണ്ടാമത്തെ ഒരു പിരീഡ് വർധിപ്പിക്കണമെന്നാണ് കാരണം ക്ലാസ് സമയങ്ങളിൽ മലയാളം പഠിപ്പിക്കാൻ സമയം കണ്ടെത്തണമെന്ന് സാരംപറയുന്നു. മലയാളഭാഷ പാക്കിസ്ഥാനിലുള്ള ഏതോ രാജ്യത്തെ ആളുകൾ

സംസാരിക്കുന്ന എന്ന സംശയം തോന്നുന്നതുവരെ കുറ്റപ്പെടുകയോ അപമാനിക്കുകയോ ചെയ്യുന്നത് രാജ്യദ്രോഹകുറ്റമായി പ്രഖ്യാപിക്കുന്ന ഭരണഘടനാ ഭേദഗതി വേണമെന്നലറുകയോ ചെയ്യുന്നതുവരെ കുറ്റപ്പെടുത്താൻ പാടുള്ളതല്ല.

ഇന്ന് മലയാളികളിൽ പലർക്കും മലയാളം എഴുതുവാനോ വായിക്കുവാനോ അറയില്ല എന്നാതാണ് മലയാളികൾ നേരിടുന്ന എറ്റവും വലിയ പ്രശ്നം. സ്വയം മലയാളം പഠിക്കുന്നില്ലെങ്കിൽ നിർബന്ധിതമായി മലയാളം പഠിപ്പിക്കേണ്ടതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും നമ്മുടെ അധികാരികൾ അകന്നു മാറുമ്പോഴാണ് മലയാള മലയാളികളുടെ നാവിനു വഴങ്ങാതെ വരുക.

ചുരുങ്ങിയ പക്ഷം നമ്മുടെ ഭാഷയ്ക്കുവേണ്ടി നാം എല്ലാവരും വാശിപിടിക്കുക. തീർച്ചയായും നാം മഹത്തായ ഒരു ഭാഷയുടെയും സംസ്കാരത്തിന്റെും നേരവകാശികളാണെന്നും നാം അതിന്റെ സംരക്ഷകനും പരിപോഷകരും കാവൽക്കാരുമായി മാറുകതന്നെ വേണം.

പുലരുക മലയാളമേ
വളരുക മലയാളമേ
നമിക്കുന്നു നിന്നെ
ഞാനെന്നമ്മയെപ്പോൾ

യദുപ്രകാശ് വി.കെ
VIII-I

**പ്രിയപ്പെട്ട കൂട്ടുകാരെ,**

ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന അന്തവിശ്വാസത്തെക്കുറിച്ചാണ് ഞാനിന്ന് നിങ്ങളോട് സംസാരിക്കുന്നത്. കടുത്ത അന്ധവിശാസം കാരണം എത്രയോ ജീവനുകൾ ഇന്ന പൊലിഞ്ഞുപോവുന്നു. ഇതിലൂടെ നമ്മുടെ സമൂഹത്തിന്റെ ഭാവി നാം തന്നെ നശിപ്പിക്കുന്നു. ഇന്ന് ഒരു കുഞ്ഞുകുട്ടിക്കുപോലും രോഗം വന്നാൽ അവർ ഓടുന്നത് ആശുപത്രികളിലേക്കല്ല പകരം മന്ത്രവാദിക്കൾക്കടുത്തേക്കാണ്. അവരുടെ മന്ത്രങ്ങൾക്കും പൂജകൾക്കും മുന്നിൽ പറ്റിക്കപ്പെടുകയും അടിമപ്പെട്ടുപോവുകയുംമാണിവർ. എന്നാൽ ഇതിനിടയിൽ നഷ്ടമാവുന്നത് എത്രയോ കുഞ്ഞുങ്ങളുടെയും ചെറുപ്പക്കാരുടെയും ജീവിതമാണെന്നത് പലപ്പോഴും നാം മറന്നുപോവുന്നു. ശാസ്ത്രം എത്രയോ ഉയരങ്ങളിലേക്ക് വളർന്ന് വികസിച്ച് നിൽക്കുന്ന ഈ കാലഘട്ടത്തിലും ഇത്തരം അന്തവിശ്വാസികൾ നമുക്കിടയിൽ നിലനിൽക്കുന്നു എന്നത് വളരെ അപമാനകരമായിത്തന്നെ പറയേണ്ടിവരികയാണ്. ഇത്തരത്തിലുള്ളവരുടെ ജീവിതം വരച്ചു കാട്ടുന്ന ഒരു നോവലാണ് എൻ.പി മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണ്' എന്ന നോവൽ. പലരുടെയും അന്ധമായ വിശ്വാസങ്ങളാൽ സ്വന്തം ജീവിതം നഷ്ടമായ ഒരു ചെറുപ്പക്കാരനാണ് ഇതിലെ കഥാപാത്രമായ മൊയമ്മതാലിക്കാക്ക. ശരീരത്തെ അടിമപ്പെടുത്തിയിരുന്ന ചങ്ങലകളും ഇരുട്ടുനിറഞ്ഞമുറിയിലെ ഒറ്റപ്പെടലുമാണ് അയാളുടെ മാനസികനില കൂടുൽ തെറ്റാൻ കാരണമായത്. എന്നാൽ ഇതൊന്നും മനസ്സിലാക്കാതെ ഒരു മനുഷ്യനെന്ന പരിഗണന പോലും നൽകാതെ മൃഗതുല്യനായയാണ്

എല്ലാവരും മൊയ്മ്മതാലിയോട്  പെരുമാറിയിരുന്നത്. ഇതൊന്നും അയാളോടുള്ള സ്നേഹമില്ലായ്മ കൊണ്ടായിരുന്നില്ല. മറിച്ച് അറിവില്ലായ്മ കൊണ്ടായിരുന്നു. കാരണം അന്ധമായ വിശ്വാസത്താൽ നിറഞ്ഞ അവരുടെ കണ്ണുകൾക്ക് മുന്നിൽ മൊയ്മ്മതാലി ഒരു പ്രേതമോ, പിശാചോ മറ്റെന്തോ ആയിരുന്നു. എന്നത് അവരുടെ സംഭാഷണങ്ങളിലൂടെ മനസ്സിലാക്കാം. ഇന്ന് മരുന്ന് കഴിച്ചാൽ മാറാത്ത രോഗങ്ങളുടെ എണ്ണം കുറവാണ്. ഒരു മരുന്ന് കഴിച്ചാൽ വളരെപെട്ടന്ന് ഭേദമാക്കാവുന്ന ചെറിയ ചെറിയ രോഗങ്ങൾക്കും മന്ത്രവാദികളെ സമീപിച്ച്, പ്രേതവും പിശാചും ശരീരത്തിൽ പ്രവേശിച്ചതാണെന്ന പണം കൈക്കലാക്കാനുള്ള അവരുടെ വ്യാജമായ കാരണങ്ങൾ വിശ്വസിച്ച് സ്വന്തം മക്കളെ ചങ്ങലയ്ക്കിടുകയും മർദിക്കുകയും ചെയ്യുന്ന മാതാപിതാക്കളും മറ്റ് ബന്ധുക്കളുമെല്ലാം എത്ര ക്രൂരരായിരിക്കണം? എൻ.പി മുഹമ്മദിന്റെ നോവലിൽ പറഞ്ഞിരിക്കുന്നതു പോലെ സ്നേഹമില്ലായ്മ കൊണ്ടല്ല, മറിച്ച് അറിവില്ലായ്മ കൊണ്ടാണെങ്കിലും നഷ്ടപ്പെട്ട് പോവുന്നത് ചങ്ങലകളിൽ അകപ്പെട്ട് പോകുന്നവരുടെ ജീവിതമാണെന്ന് നാം മറന്നുപോവരുത്. ഇത്തരത്തിലുള്ള ഒരുപാട് ജീവിതങ്ങൾ നമ്മുടെ നാട്ടിലും അയൽപ്പക്കങ്ങളിലും ഒരുപക്ഷെ നമ്മുടെ വീടുകളിൽപോലും കാണാൻസാധിക്കും. ഇങ്ങനെയുള്ള വേദനകൾ അനുഭവിക്കുന്നവർക്ക് താങ്ങായ് നിൽക്കാനും അന്ധമായ വിശ്വാസങ്ങളെ തകർത്ത് നല്ലൊരു സമൂഹത്തെ നിർമ്മിക്കാനും സാധിക്കട്ടെ എന്നും ആശംസിച്ചുകൊണ്ട് നിർത്തുന്നു

നന്ദി നമസ്കാരം  ആവണി . എ   IX F

# നിർവൃതി

ഉറക്കം വിട്ടുമാറിയിട്ടില്ല.എങ്കിലും എഴുന്നേൽക്കാതെ വയ്യ.സൂര്യരശ്മി ജനലിലൂടെ അരിച്ചിറങ്ങുന്നു.നസീമ ടീച്ചർ ക്ലോക്കിലേക്ക് നോക്കി.ആറുമണിയായിരിക്കുന്നു.രാത്രി വളരെ വൈകി ഉറങ്ങാൻ . സ്കൂൾ തുറന്നാൽ പിന്നെ ആറാം പ്രവൃത്തി ദിവസം കഴിയുംവരെ അധ്യാപകർക്ക് ഊണും ഉറക്കവുമില്ല.കുട്ടികളുടെ കണക്ക് തലങ്ങും വിലങ്ങും കൂട്ടിയും കിഴിച്ചും എങ്ങിനെയെങ്കിലും ശരിയാക്കിവരുമ്പോഴായിരിക്കും ഒരു മൂലയിൽ വില്ലനായി ഒരു എ പി എൽ കാരനുണ്ടാവുക.

നസീമടീച്ചറെ സംബന്ധിച്ച് കുട്ടികളുടെ കണക്കെടുപ്പ് ഒരു ബാലികേറാമലയൊന്നുമല്ല.കണക്കുകളെഴുതിത്തയ്യാറാക്കിയ നോട്ടുപുസ്തകം തലേദിവസം സ്കൂളിൽ വെച്ചുമറന്നു. അതാണ് ഉറക്കം കെടുത്തിയത്.ഒന്നല്ല,മൂന്നു ഡിവിഷനിലെ വിവരങ്ങളാണ് അതിലുണ്ടായിരുന്നത്.പിറ്റേന്ന് ഉച്ചയാവുമ്പോഴേക്കും സമ്പൂർണ മണിച്ചിത്രത്താഴിട്ട് പൂട്ടും.പിന്നെ ഒട്ടും താമസിച്ചില്ല. പുതിയത് തയ്യാറാക്കാനായി ഇരുന്നു.

ഇങ്ങനെയൊക്കെ സംഭവിച്ചെങ്കിലും എല്ലാവരിലും മുൻപെ ആറു ഡിവിഷന്റേയുംമൊത്തം കണക്ക് ടീച്ചർ ശരിയാക്കി .സമ്പൂർണയുമായി ഒത്തുനോക്കുമ്പോൾ ടീച്ചറുടെ ചങ്ക് ഇടിക്കുന്നുണ്ടായിരുന്നു. ഓരോന്നോരോന്നായി എല്ലാം ശരിയെന്ന് ഉറപ്പു വരുത്തുമ്പോൾ ടീച്ചർ ആനന്ദം അനുഭവിക്കുകയായിരുന്നു.ആത്മനിർവൃതിയുടെ ആനന്ദം.

സുധ ടീച്ചർ

## മറക്കരുത് ഇവരെ

ഇരുണ്ട രജനിയെ തള്ളി നീക്കിക്കൊണ്ട് സൂര്യൻ പതുക്കെ തലപൊക്കി ഒപ്പം ഇളം പുല്ലുകൾക്ക് ചില രത്നകല്ലുകൾ കൂടി സമ്മാനിച്ചു. സൂര്യകിരണങ്ങളൂടെ ചെറു ചൂട് പൂക്കൾക്ക് പകർന്നുനൽകിയ പുഞ്ചിരിയിൽ അതിന്റെ സുവർണ്ണ ശോഭ പ്രതിഫലിച്ചു. പുലരിയുടെ വരവിൽ ആനന്ദമറിയിച്ചു കൊണ്ടുള്ള മധുര ഗാനമായിരുന്നു അന്ന് രാമകൃഷ്ണനെ വിളിച്ചുണർത്തിയത്. ജനൽവിടവിലൂടെ എത്തിയ സൂര്യരശ്മികളും രാമകൃഷ്ണനെ മാടി വിളിക്കുന്നതായി അയാൾക്കു തോന്നി.

ഇന്ന് എന്തെന്നില്ലാത്ത ഒരു ഉന്മേഷം രാമകൃഷ്ണനു തോന്നി. അതുകൊണ്ട് തന്നെ കിടക്കപ്പായയോട് യാത്ര പറയാൻ യാത്രപറയാൻ രാമകൃഷ്ണന് മടിതോന്നിയില്ല. ഇന്ന് നേരത്തെ ഓഫീസിൽ പോകണമെന്ന് രാമകൃഷ്ണനൊരു തോന്നൽ. അയാൾ വേഗം തന്നെ തന്റെ ദിനചര്യകളെല്ലാം ചെയ്തുതീർത്ത് ഓഫീസിലോക്ക് യാത്രയായി. ബസ്സിൽ പിൻസീറ്റിൽ ജനാലക്കടുത്തുതന്നെ രാമകൃഷ്ണൻ സ്ഥാനമുറപ്പിച്ചു. അയാൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥാനം അതാണ്. കാരണം, പിന്നിലേക്ക് അതിവേഗം ഓടിമറയുന്ന ചെടികളെയും മരങ്ങളെയും അവിടെയിരുന്ന് നിരീക്ഷിക്കാനാണയാൾക്കിഷ്ടം. പ്രകൃതിയിലെ സർവ്വതും ചുരുങ്ങിയ സമയത്തിനുള്ളിൽ സൂക്ഷമമായ് നിരീക്ഷിക്കാറുള്ള രാമകൃഷ്ണന്റെ മനസ്സിലേക്ക് ഇന്ന് കടന്നെത്തിയത്

ഇന്നെലെ വരെയുള്ള തന്റെ ഓഫീസ് ദിനങ്ങളായിരുന്നു. കാരണം ഈയിടെയായി രാമകൃഷ്ണന് ഓഫീസിൽ ഒരു പ്രത്യേക പരിഗണനയുണ്ട്. കഴിഞ്ഞയാഴ്ച്ച മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ വന്ന രാമകൃഷ്ണന്റെ ഒരു ചിത്രമായിരുന്നു. അതിന്റെ കാരണക്കാരൻ ആ ചിത്രത്തെ പറ്റിയുള്ള ചർച്ച ഇന്നലെയും അവസാനിച്ചിരുന്നില്ല. തന്റെ ചിന്തകൾക്ക് അറുതി വിധിച്ചുകൊണ്ട് ബസ് ഓഫീസിനുമുന്നിൽ നിർത്തിയത് അയാളറിഞ്ഞു. രാമകൃഷ്ണൻ ഉത്സാഹത്തോടെ ഓഫീസിലേക്ക് കടന്നു ചെന്നു.

"ഓ...നമ്മുടെ കലാകാരൻ ഇന്നിത്തിരിനേരത്തെയാണല്ലോ" രാധാമണി കുശലം പറഞ്ഞു. തന്റെ പതിവു പുഞ്ചിരി മാത്രം സമ്മാനിച്ചുകൊണ്ട് രാമകൃഷ്ണൻ തന്റെ പതിവു സ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. ജോലിചെയ്യാൻ രാമകൃണ്ണന് നല്ല ഉത്സാഹമുണ്ടായിരുന്നെങ്കിലും ഇന്ന് കാര്യമായ ജോലിയൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ഉച്ചയ്ക്കു ശേഷം അവധിയെടുക്കാൻ അയാൾ തീരുമാനിച്ചു. വീട്ടിലേക്കുപോവാൻ അദ്ദേഹത്തെ മനസ്സനുവദിച്ചില്ല. അതുകൊണ്ട് തന്നെ മാനേജരോട് അനുവാദം വാങ്ങി ഉയാൾ നേരെപോയത് ഒരു പാർക്കിലേക്കാണ്. അവിടെയുള്ള പ്രകൃതി ഭംഗി രാമകൃഷ്ണനെ എന്നും ആകർഷിച്ചിട്ടുണ്ട്. ഇന്നത് കടലാസിലേക്ക് പകർത്താൻ ഉയാൾ തീരുമാനിച്ചു. രാമകൃഷ്ണൻ വരയ്ക്കാൻ തുടങ്ങി. ഇടയ്ക്കുവച്ച് രണ്ട് ദുർബലമായ കൈകൾ രാമകൃഷ്ണനു നേരെ നീണ്ടുവന്നു. ഒരു കുഞ്ഞു ബാലന്റെ കൈകൾ. അവന്റെ വസ്ത്രം പിഞ്ഞിക്കീറിയിരുന്നു. ദിവസങ്ങളോളം ആഹാരം കഴിക്കാതിരുന്നതിന്റെ ദൈന്യത ആ

കുഞ്ഞുമുഖത്ത് പ്രകടമായിരുന്നു. എന്നാൽ രാമകൃഷ്ണൻ അതു ശ്രദ്ധിച്ചില്ല. തന്റെ പ്രവൃത്തിക്ക് തടസം സൃഷ്ടിക്കുന്ന ആ കൈകൾ അയാൾ തട്ടിമാറ്റി. പെട്ടന്ന് അടുത്തിരുന്ന ഒരാൾ അയാൾ കഴിച്ചു മതിയാക്കിയ ഒരു പൊതിച്ചോർ ഒരു മരച്ചുവട്ടിൽ ഉപേക്ഷിച്ചു. ഒരു നായ കുരച്ചുകൊണ്ട് അതിനടുത്തെത്തി ആ ഭക്ഷണം ആർത്തിയോടെ കഴിക്കാൻ തുടങ്ങി. പെട്ടന്ന് രണ്ട് കുഞ്ഞുകൈകൾ ആ ഭക്ഷണത്തിലേക്ക് നീണ്ടു വരുന്നത് രാമകൃഷ്ണൻ ശ്രദ്ധിച്ചു. പട്ടിയേക്കാൾ ആർത്തിയോടെ ആ കുഞ്ഞുകൈകൾ ചോറുവാരിയെടുത്തു. രാമകൃഷ്ണന് മനസ്സിലായി, താൻ തട്ടി മാറ്റിയ കൈകളായിരുന്നു അതെന്ന്. കുറ്റബോധം കൊണ്ട് അയാളുടെ തല താണു. ഭക്ഷണം കിട്ടിയതിന്റെ സന്തോഷത്താലാണോ ഒരുപാട് നാൾ ഭക്ഷണം കഴിക്കാതിരുന്നതിന്റെ ക്ഷീണം കൊണ്ടാണോ എന്നറിയില്ല, ആ കുഞ്ഞുമിഴികൾ നിറഞ്ഞിരുന്നു. എന്തു തന്നയായാലും ആ കണ്ണുനീരിലും അവന്റെ മുഖത്തെ ഭാവങ്ങളിലും ഒരുപാട് അർഥമുണ്ടായിരുന്നു. ഒരുനേരത്തെ വിശപ്പടക്കാൻ മറ്റുള്ളവന്റെ എച്ചിൽ പട്ടിയോടൊപ്പം പങ്കിടുന്ന ആ പിഞ്ചുബാലന്റെ ചിത്രം രാമകൃഷ്ണന്റെ മനസ്സിനെ സ്പർശിച്ചു. അത് അയാൾ ക്യാൻവാസിലേക്ക് പകർത്തി. പിറ്റേന്നത്തെ മാതൃഭൂമി ആഴ്ചപതിപ്പിൽ പ്രഥമ സ്ഥാനം ആ ചിത്രത്തിനായിരുന്നു. രാമകൃഷ്ണന്റെ മാത്രമല്ല, ആ ചിത്രം കണ്ട എല്ലാവരുടെ മനസ്സിലും അത് പതിഞ്ഞുനിന്നു. ആദ്യചിത്രം നേടിക്കൊടുത്തതിനേക്കാൾ കൂടുതൽ പ്രശംസ ഈ ചിത്രം അയാൾക്ക് നേടിക്കൊടുത്തു. ഫേയ്സ്ബുക്കിലും, വാട്സാപ്പിലും നിരവധി ലൈക്കുകളും

കമന്റുകളും രാമകൃഷ്ണനെ തേടിയെത്തി. പക്ഷെ അവ രാമകൃഷ്ണനെ സന്തോഷപ്പെടുത്തിയില്ല. കാരണം, ആ കുഞ്ഞുകൈകൾ തട്ടിമാറ്റിയ തന്നെ അയാൾ വെറുത്തുപോയിരുന്നു. രാമകൃഷ്ണന്റെ ഉള്ളിൽ കുറ്റബോധം അലതല്ലി.

"ഒരു നേരത്തെ ആഹാരം മറ്റുള്ളവരുടെ എച്ചിലാക്കുന്നവർ നമ്മുടെ സമൂഹത്തിൽ ഇനിയും ധാരാളമുണ്ട്. ഒപ്പം ഒരുപാട് പേരുടെ ആഹാരം എച്ചിലാക്കുന്നവരും..,. ഈ ചിത്രം ഞാൻ അവർക്കായ് സമർപ്പിക്കുന്നു." രാമകൃഷ്ണൻ നൊമ്പരത്തോടെ തന്റെ ഫെയ്സ്ബുക്ക് പേജിൽ ഇങ്ങനെകുറിച്ചുവച്ചു.

അനശ്വര . എൻ

IX B

**<u>പ്രളയം</u>**

ജാതി മത വർഗ കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും ഒറ്റക്കെട്ടായി സഹായ ഹസ്തങ്ങളുടെ ചുരുളുകളഴിച്ചു. ഓരോ ദുരന്തങ്ങളും ഓരോ മനുഷ്യരിലെയും സഹായത്തിന്റെയും സ്നേഹത്തിന്റെയും ആഴത്തെ ഉണർത്തുമെന്ന് നാം ഓരോരുത്തരും തിരിച്ചറിഞ്ഞു.

പ്രളയം നിരവധി നാശനഷ്ടങ്ങൾ വിതച്ചുവെങ്കിലും വലിയൊരു സന്ദേശത്തിന്റെ പൊൻതൂവൽ ജനമനസ്സുകളിൽ വിതറി. സ്വന്തം സുഖത്തിനു വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കലല്ല ഉത്തമ മനുഷ്യ ജീവിതമെന്നും അപരന്റെ സുഖവും നമ്മുടെ ഉത്തരവാദിത്വമാണെന്ന് സഹായഹസ്തങ്ങൾ തുറന്നുകാട്ടി. അവർ സ്വന്തം ശരീരം പരോപകാരത്തിന് ഉഴിഞ്ഞുവച്ചു. രക്ഷാപ്രവർത്തകർ സ്നേഹത്തിന്റെയും നന്മയുടെയും സന്ദേശങ്ങൾ ഉയർത്തിപ്പിടിച്ചു.

എന്നാൽ, പ്രളയം തിരിച്ചറിവുകളുടേത് കൂടിയായിരുന്നു. ജാതിയുടെയും, പണത്തിന്റെയും, മതത്തിന്റെയും അതിർവരമ്പുകളില്ലാതായി. അമ്പലത്തിലു പള്ളികളിലും നിസ്കാരപായകൾ വിരിച്ചും. പാവപ്പെട്ടവനും, പണക്കാരനും ഒരു പാത്രത്തിൽ നിന്ന് കഴിച്ചു. അന്യർക്ക് പ്രവേശനമില്ലെന്നെഴുതിയ ബോർഡുകൾ പ്രളയമെടുത്തു. വിശപ്പിനേക്കാൾ വലുതല്ല ദുരഭിമാനമെന്ന് തിരിച്ചറിവു നൽകി. അതുകൊണ്ടുതന്നെ സ്നേഹത്തിന്റെയും നന്മയുടെയും പാതകൾ സഞ്ചരിച്ച് കീഴടക്കാം. പുത്തൻ കേരളത്തെ പടുത്തുയർത്തി എല്ലാവർക്കും മാതൃകയാവാം.

## ഹൈടക്കിലൂടെ വിദ്യാഭ്യാസം

കാലത്തിന്റയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്.കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കരണങ്ങൾക്ക സാക്ഷ്യം വഹിക്കുകയുണ്ടായി.അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകലെ സജ്ജമാക്കുകയാണ് ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ പ്രായോഗിക ലക്ഷ്യം എന്നതിനാൽ കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു.ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്നാവശ്യപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്.കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമില്ലായിരുന്നു.പുതിയ തലമുറയിലെ കമ്പ്യൂട്ടർ അറിയാത്തവർ നിരക്ഷരരായാണ് പരിഗണിക്കപ്പെടുന്നത്.ചുരുക്കത്തിൽ വിദ്യാഭ്യാസം തടാകം പോലെ നിശ്ചലമായി നില കൊള്ളുന്നതല്ല .

മേൽക്കൂരയില്ലാതെ പഠിച്ചവരിൽ നിന്ന് അന്നത്തെ സാഹചര്യം ഇന്നുമായി താരതമ്യപ്പെടുത്തിയാൽ ഇന്നെല്ലാം ഹൈടെക്കാണ്.പുതുതലമുറയുടെ വിദ്യാഭ്യാസം കരുത്താർജ്ജിക്കുന്നത് ഇത്തരം സങ്കേതിക വിദ്യയിലൂടെയാണ്.ഒരു ദശകം മുമ്പ് വരെ പ്രാഥാമിക വിദ്യാഭ്യാസം കൊണ്ട് മതിയാവുന്നവർ ഏറെയായിരുന്നു.പഠനം തുടരുന്നവരിൽ തന്നെ വലിയ ഭൂരിപക്ഷം പത്താം ക്ലാസ്സോടെ ഔപചാരിക വിദ്യാഭ്യസം അവസാനിപ്പിക്കുന്ന പ്രവണതക്കായിരുന്നു മുൻതൂക്കം.ഇപ്പോൾ വ്യക്തിഗര പഠനത്തിന്റെ സ്വാഭാവികമായ ഹയർസെക്കണ്ടറിയോ ബിരുദമോ ഏതെങ്കിലുമായി വികസിച്ചതായി കാണാം.ഇത് പൊതു വിദ്യാഭ്യാസ സമൂഹത്തിന്

ഗുണകരമായ മാറ്റമാണ്.

നവകേരള നിർമ്മിതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസം ഓരോ ചുവടും പുരോഗമിക്കുമ്പോൾ ഹൈടെക് ക്ലാസ്സ് റൂം എന്ന ചരിത്രനേട്ടവും ലക്ഷ്യമാക്കി ഓരോ സംഘടനകളും പ്രവർത്തിക്കുകയാണ്.പുതുതലമുറയുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനവും അതോടൊപ്പം ആധുനിക സാങ്കേതിക വിദ്യ മനസിലാക്കുന്നതിനി വേണ്ടിയാണ് ഐ ടി ലാബുകൾ ഇന്ന് സ്കൂളിൽ പ്രവർത്തിക്കുന്നത് .ക്ലാസ് റൂമുകളിൽ പ്രൊജക്ടറും ധാരാളം ലാപ്ടോപുകളും ആധുനിക വിദ്യാഭ്യാസത്തിനായി പൊതു വിദ്യാലയങ്ങളിൽ ലഭിച്ചിട്ടുണ്ട്.ക്ലാസ് റൂമുകളിൽ പ്രൊജക്ടറും ധാരാളം ലാപ്ടോപുകളും ആധുനിക വിദ്യാലയങ്ങളിൽ ലഭിച്ചിട്ടുണ്ട് .ക്ലാസ് റൂമുകളിൽ പ്രൊജക്ടർ വന്നതോടെ ഓരോ കാര്യങ്ങളും മനസ്സിലാക്കി വ്യക്തമായി കണ്ട് പഠിക്കാൻ സഹായിക്കുന്നതോടൊപ്പം വിദ്യാർത്ഥികളുടെ പഠനമികവും ഉയർന്നു വരുന്നു.ആധുനിക ലോകത്ത് ഹൈടെക് എന്നത് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

അനാമിക ടി സി

IX C

## വിജനവീഥി

വിജനമീ വീഥികളിലൊറ്റയ്ക്കിരുന്ന ഞാൻ
വിരഹത്തിനോർമ്മകളുണർത്തിടുമ്പോൾ
വിരഹത്തിനൊന്നുമേ മായ്ക്കുവാൻ കഴിയാത്ത
വിധികളെ നിങ്ങളെൻ കൂടയോ
വിരലുകൾക്കെത്താത്ത ദൂരത്തിലെവിടയോ
വിടപറഞ്ഞൊഴുകുന്ന നദിയാണവൾ
വരികില്ലൊരിക്കലെന്നറിയാമാകിലും
വിരഹമേ നിങ്ങളെൻ കൂടയാണോ

(വിജനമീവീഥികളിൽ)

മറ്റു വിളികൾ കേൾക്കാതെ മനസ്സിരുന്നുരുകുമ്പോൾ
മറയുന്നതെങ്ങു നീ നോക്കിടാതെ
മരവിച്ചിരിക്കുന്ന നേരത്തു വന്നൊന്നു
പുണരുവാനവളില്ല ഓർമ്മകളിലേ
തളരാതെന്നും തുണയായെന്നിൽ
തരളിതമാമെന്റെ പൊൻ മനസ്സേ

(വിജനമീവീഥികളിൽ)

തിരികൾ തൻ വെട്ടങ്ങളണയുന്ന നേരത്തും
ഇരുളിൽ ഞാനൊറ്റയ്ക്ക് നിന്നിടുന്നു
തിരകളെ തഴുകുവാൻ കഴിയാത്ത കാറ്റിന്റെ
വേദനകളെന്നുള്ളിലേറ്റി നിന്നും
എന്നിൽ നിന്നകലേക്കു മറയുന്ന മോഹമേ
മരണമില്ലിന്നെന്റെ ഉള്ളിൽ
നിൻ മരണ മില്ലിന്നെന്റെ ഉള്ളിൽ

(വിജനമീവീഥികളിൽ)

ചന്ദന പി
X C

**അമ്മയാം മലയാളം**

മധുരമീ സാഗരം, മനസ്സിന്റെ താളവും
മാധുര്യമൂറുമീ മലയാളം
വായിച്ച വളരും കുരുന്നുകൾ
തൻ മനവുമീ മലയാളം.
വാചാലമായ് നാമിരിക്കുമീ-
വേളയിൽ സാന്ത്വനമായെൻ മലയാളം.
താളവും രാഗവും ഈണവും -
നൽകുമെൻ സുന്ദരമാം മലയാളം
കാറ്റും മഴയും കുളിരും ഉണരുമീ
അമ്മയാണെന്റെ മലയാളം
മനമെൻ മലയാളമാം അമ്മ
മധുവും അമ്മയാം മലയാളം
കാന്തിയെഴുന്നൊരു സുന്ദര സന്ധ്യയിൽ
എൻ, മലയാളം അമ്മ മലയാളം
മധുരമീ സാഗരം, മനസ്സിന്റെ താളവും
മാധുര്യമൂറുമീ മലയാളം. |

ആർദ്ര.ടി.സി. 10. F

## കരിയില

എന്തു നിറമായിരുന്നു ഞാനെന്നെ

കുരുന്നിലയ്ക്ക്,

കാലമെന്നെ ഇളം പച്ചയും

കടും പച്ചയുമാക്കി -

എന്നാൽ ഞാ പോലുമറിയാതെ -

വിളർത്ത് മഞ്ഞച്ചു -

ഒടുവിലാ ശിഖരത്തെ

അടരാതിരിക്കാൻ

ഇറുകി പിടിച്ചു.

അനിവാര്യമായ കൊഴിച്ചിലായി ഞാൻ

നിലം പതിച്ചു !!

ചവിട്ടിയരക്കപ്പെടാനായി

വെറുമൊരു കരിയിലത്തുണ്ടായി -

കാറ്റെന്നെ എവിടേക്കോ

കൊണ്ടു പോയി,

ദിക്കറിയാതൊടുവിൽ

വിജനതയിൽ

മണ്ണോടു മണ്ണായി ....

# <u>അവൻ പോവുകയാണ്.</u>

ഇഷ്ടികയിരുമ്പു ചട്ടിയുമേന്തി
കനൽചാട്ടയടിയേറ്റ്.
ബാലനവൻ പോകുകയാണ്.
വർണ്ണ താളുകളിൽ
വരയ്ക്കാ ചിത്രമായി,
ചക്ര വാളത്തിനു പ്പുറം
തൊഴിച്ചെറിഞ്ഞ കളി പന്തുകളനുമായ് -
ബാലനവൻ പോകുകയാണ്.
തകർന്നടിഞ്ഞ  പള്ളി ക്കൂട ഭിത്തികകളും
ചിതലരിച്ച  പുസ്തകങ്ങളും,
.അവരൊയോർമ്മകൾ
മോഹന ജീവിത സ്വപ്നം മരിച്ച്
മോഹഭംഗച്ചുമടും താങ്ങി -
ബാലനവൻ പോകുകയാണ്.
കാലിടറുമ്പോൾ; കഴുത്തിടറുമ്പോൾ
താങ്ങായ് തണലായ് -
ആരുമില്ലാതെ -
അർദ്ധനഗ്നനായവൻ,
മൃത- മോഹന സ്വപ്നത്തിൻ
ശവമഞ്ചമേന്തി,
മഞ്ഞുറഞ്ഞ വഴിത്താരകളിലൂടെ -
ബാലനവൻ പോകുകയാണ്.

കോമളവല്ലി ടീച്ചർ

**<u>ശലഭങ്ങളേ സൂക്ഷിക്കൂ</u>**

വർണചിറകുകൾ വീശിപ്പാറും ശലഭങ്ങളേ സൂക്ഷിക്കൂ....
പോകും വഴിയിൽ വലയും വിരിച്ചു കാത്തിരിപ്പൂ ചിലന്തികൾ ...
നന്മ തൻ മുഖപടം ചാർത്തി -
വരുമവർ തിന്മ തൻ കൊട്ടുമുടികൾ
നിന്നെ നീ പോലുമറിയാതെ
കീറി മുറിക്കും കാടരാം ചിലന്തികൾ
കണ്ണു തുറന്നെത്ര നോക്കിയാലും
കാണാൻ പറ്റില്ല വരെ ചിരബന്ധുവായും
ചിര മിത്രമായും വരുമവർ ചിലന്തികൾ
അതിനാൽ സൂക്ഷിക്കൂ.....
നീ നിന്നെ രക്ഷിക്കൂ.....

ലാവണ്യ' പി.വി
10. F

## ജാതകം

പുറത്ത് നനുനനെ മഴ പെയ്യുന്നുണ്ടായിരുന്നു. ഒന്നാമത്തെ പിരീഡ് കഴിഞ്ഞുള്ള ബെല്ലടിച്ചതും അനുടീച്ചർ സ്റ്റാഫ് റൂമിലേക്ക് കുതിച്ചു.

സ്കൂൾ തുറന്ന് ഏഴാം പ്രവർത്തിദിവസമായിക്കഴിഞ്ഞു. ഇനിയും രജിസ്റ്റർ എഴുതിയിട്ടില്ല. അടുത്തപിരീഡ് ഒഴിവാണ്. ഭംഗിയായി രജിസ്റ്റർ എഴുതണം.

കുട്ടികളുടെ വിവരങ്ങൾ പലതവണ പരിശോധിച്ച് അഡ്മിഷൻ രജിസ്റ്ററുമായൊത്തുനോക്കി വൃത്തിയായി എഴുതിവച്ചിട്ടുണ്ട് ..കണക്കുകളുംകൃത്യമാക്കിയിട്ടുണ്ട്. ഇനി ഒന്നും ചിന്തിക്കേണ്ടതില്ല. എഴുതുകതന്നെ.

പുതിയഹെഡ്ടീച്ചർ സ്ഥാനക്കയറ്റം കിട്ടുംമുമ്പ് അനുടീച്ചറിന്റെ സഹപ്രവർത്തകയായിരുന്നു. ടീച്ചർ എന്തുഭംഗിയായാണ് രജിസ്റ്റർ എഴുതുക.

തനിക്ക് ഈ വർഷമെങ്കിലും ...അതിന് സാധിക്കുമോ....സകല ദൈവങ്ങളെയും മനസ്സിൽ ധ്യാനിച്ചു. തെറ്റൊന്നുംവരാതിരിക്കാൻ.

ആദ്യം ജൂൺ മാസത്തേതാവട്ടെ. എന്നാൽ ഹാജരെടുക്കാൻ ബുദ്ധിമുട്ടില്ലല്ലോ.

ഇനി ജാതകം.:കുട്ടികളുടെവിവരങ്ങൾ വിശദമായി എഴുതുന്നതിന് ജാതകമെഴുത്ത് എന്നൊരു ചൊല്ലുണ്ട് അധ്യാപകരുടെ ഇടയിൽ.

അതും കഴിഞ്ഞ് ഫ്രണ്ട് പേജ്.ഭാഗ്യം .രക്ഷപ്പെട്ടു. ഒരു തെറ്റും വന്നില്ല. തന്റെ അക്ഷരങ്ങളുടേയും,അക്കങ്ങളുടേയും തിളക്കത്തിൽ

ടീച്ചർ അഭിമാനം കൊണ്ടു.

പെട്ടെന്നാണ് രണ്ടുദിവസം മുന്പ് ടി സി വാങ്ങിപ്പോയ മിലനെ ഓർമ വന്നത്. അവനെ കണക്കിൽ പെടുത്തിയിട്ടില്ല.എല്ലാം ഒരു നിമിഷം.കൊണ്ട് തകർന്നടിഞ്ഞു ദേഹമാസകലം ഒരു വിറയൽ ......

അടുത്ത ബെല്ലടിശബ്ദം കാതിൽ വന്നലച്ചു.തന്റെ ജാതകത്തെ പഴിച്ച് എഴുത്തുനിർത്തി തലകുനിച്ച് അടുത്ത ക്ളാസ് ലക്ഷ്യമാക്കി അനുട്ടീച്ചർ നടന്നകന്നു. മഴയുടെ ഇരമ്പൽ കൂടിക്കൂടി വന്നു.

**സുധ ടീച്ചർ**

# വിദ്യാലയം പ്രതിഭകളോടൊപ്പം

## ടിൻറു ലൂക്ക

25-11-2019 തിങ്കളാഴ്ച 10-30 ന് ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ നിന്നായി 25 ഓളം കുട്ടികളും പത്ത് അധ്യാപകരുമടങ്ങുന്ന ടീം ഒളിമ്പിക് പ്രതിഭ
ടിൻറു ലൂക്കയുടെ വീട്ടിലെത്തി. കായിക രംഗത്തെ ഭാരതത്തിന്റെ പരമോന്നത ബഹുമതിയായ അർജ്ജുന അവാർഡ് ഉൾപ്പെടെ നിരവധി മെഡലുകൾ പതിപ്പിച്ച ചുമരിന്റെ കീഴിൽ ഏറെ വിനയാന്വിതയായി ഞങ്ങളെ ക്ഷണിച്ചിരുത്തിയ ലോകതാരം, തന്റെ കുട്ടിക്കാലം തൊട്ടുള്ള തീക്ഷ്ണമായ അനുഭവ പാഠങ്ങൾ പകർന്നു നൽകവേ, സംഘാംഗങ്ങളുടെ മനസ്സുകൾ വിസ്മയത്തിന്റെ ട്രാക്കുകളിലൂടെ കുതിച്ചു പായുകയായിരുന്നു. അവിടെ ഇരിക്കുമ്പോഴെല്ലാം ഏഷ്യൻ ഗെയിംസ് അത് ലറ്റിക് ട്രാക്കിലെ ഫിനിഷിംഗ് പോയിന്റിൽ നമ്മുടെ അഭിമാനതാരം എത്തി നിൽക്കവേ ഉയർന്ന ഇന്ത്യൻ ജനകോടികളുടെ വിജയാരവങ്ങളായിരുന്നു കാതുകളിൽ മുഴക്കെ .
______പരിപക്വമായ വാക്കുകളിലൂടെ, പുതിയ തലമുറയിലെ വിദ്യാർഥി സമൂഹം ശീലിക്കേണ്ട, പാലിക്കേണ്ട ജീവിത പാഠങ്ങൾ തന്റെ തിരക്കിനിടയിലും ഒന്നൊന്നായി പകർന്നു നൽകിയ താരം കുട്ടികളെ അക്ഷരാർഥത്തിൽ പ്രചോദിപ്പിച്ചു. അധ്യാപകരായ ഷാജു , പവിത്രൻ, ഷീബ, അബ്ദുള്ള, സുരേഷ് ബാബു, വിനോദ് , സ്മിത, ഫൈറോസ്, ഷിംലാൽ എന്നിവർ വിദ്യാർഥികളെ അനുഗമിച്ചു.കൂടിക്കാഴ്ചയ്ക്കൊടുവിൽ താരത്തെ ഷാളണിയിച്ച് ആദരിച്ചു.



# ശ്രീ കുഞ്ഞമ്പു പെരുവണ്ണാൻ

അറിവിനെ അറിയേണ്ടത് അതിന്റെ ഉറവിടത്തിൽ ചെന്നു തന്നെയാണ്. വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പരിപാടിയുടെ ഭാഗമായി ചാവശ്ശേരി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പതിനാറ് കുട്ടികളും നാല് അധ്യാപകരും ഹെഡ്മിസ്ട്രസ്, പി ടി എ പ്രസിഡൻറ് എന്നിവരടങ്ങിയ സംഘം 14/11/2019 ന് നടുവനാട്ടെ തെയ്യം കലാകാരൻ ശ്രീ കുഞ്ഞമ്പു പെരുവണ്ണാനെ സന്ദർശിച്ചപ്പോൾ അവിടെത്തെളിഞ്ഞത് തെയ്യമെന്ന അനുഷ്ഠാനകലയുടെ ഉള്ളറകളാണ്. എഴുപത്തിനാല് വയസ്സുള്ള അദ്ദേഹം കഴിഞ്ഞ ആറു പതിറ്റാണ്ടായി തുടർന്നു വരുന്ന കലാസപര്യയെ ഓർമ്മയുടെ തെളിച്ചത്തിൽ വാരി വിതറിയപ്പോൾ അനാവൃതമായത് പാരമ്പര്യ കലാവൈഭവത്തിന്റെ അനുഭവ പാഠങ്ങളായിരുന്നു. പുസ്തകതീതമായ അറിവിന്റെ നേർസാക്ഷ്യമായിരുന്നു. തെയ്യമെന്ന വടക്കൻ കേരളത്തിന്റെ അനുഷ്ഠാന കലയെ അരങ്ങിലെത്തിക്കുന്ന കലാകാരന്മാർ അനുവാചകരറിയാത്ത അതിതീവ്ര അനുഭവപാഠങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന സത്യം മനസ്സിലാക്കുകയായിരുന്നു.

തെയ്യങ്ങളുടെ ആവിർഭാവം, ഇതിഹാസ പുരാണങ്ങളുമായി ബന്ധമുള്ള കഥകൾ, ധീരയോദ്ധാക്കളുടെ ബലിദാന കഥകൾ തോറ്റങ്ങളായി പരിണമിച്ചെന്നതു സത്യം. മുഖത്തെഴുത്തിന്റെ ചായക്കൂട്ടൊരുക്കൽ, കാവുകളുടെ പരിണാമം, ജനങ്ങളിൽ വ്യാപിച്ച കച്ചവട മനോഭാവം തുടങ്ങിയ കാര്യങ്ങൾ അദ്ദേഹവും മക്കളും ഞങ്ങളുമായി പങ്കുവച്ചു. തോറ്റങ്ങളുടെ ചില വരികൾ കുട്ടികൾക്കു വേണ്ടി ആലപിച്ച അദ്ദേഹത്തിന്റെ മുഖത്ത് കുഞ്ഞുമനസ്സ് തെളിഞ്ഞു വന്നു.
_______നേരറിവുകളുടെകൊടുക്കൽ വാങ്ങലുകളുടെ വേദിക രണ്ടു മണിക്കൂറോളം ഉണർവ്വിലായിരുന്നു. തെയ്യ വൈവിധ്യവും മണക്കാട് ഗുരുക്കളുടെ സംഭാവനകളും നാനാജാതി മത ബന്ധങ്ങളു ചോദ്യങ്ങളായും സംശയ നിവാരണങ്ങളായും പലകുറി ആവർത്തിക്കപ്പെട്ടു.ഗതകാലത്തിന്റെ കൽ വിളക്കുകളിൽ നിന്ന് കലയുടെ കൈത്തിരി പുതുതലമുറയിലേക്ക് കൈമാറുന്ന അഭിവന്ദ്യന് ആശംസകൾ നേർന്ന് ഞങ്ങളിറങ്ങി. നിറഞ്ഞ സംതൃപ്തിയോടെ ...... സന്തോഷത്തോടെ...



# <u>ശ്രീ അനന്തക്കുറുപ്പ്</u>

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് പ്രതിഭകളോടൊപ്പം എന്ന പരിപാടിയുടെ ഭാഗമായാണ് ചാവശ്ശേരി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ 21 കുട്ടികളും പ്രൻസിപ്പാളും ഹെഡ്മിസ്ട്രസും 6 അധ്യാപകരും  നടുവനാട് കാളാന്തോടുള്ള ശ്രീ അനന്തക്കുറുപ്പിന്റെ വീട്ടിൽ16/11/2019 ന് 10.30 ന് എത്തിയത്.അവിടെ വളരെ ഹൃദയപൂർവ്വമായ സ്വീകരണമാണ് ഞങ്ങൾക്ക് ലഭിച്ചത് .കുട്ടികൾ അദ്ദേഹത്തിന് പുഷ്പ്പങ്ങളും ഉപഹാരങ്ങളും നൽകി. കുരുമുളകും നാളികേരവും തിങ്ങിനിറഞ്ഞപറമ്പിൽ സുഖശീതളമായ വീടിന്റെ വിശാലമായ സ്വീകരണമുറിയിൽ ഞങ്ങൾ ഇരുന്നു.അദ്ദേഹത്തെ എച്ച് എസ് എസ് പ്രിൻസിപ്പാൾ റോസമ്മ ടീച്ചർ പരിചയപ്പെടുത്തി.

പ്രായവും അനാരോഗ്യവും ശരീരത്തെ ബാധിച്ചുവെങ്കിലും അദ്ദേഹത്തിന്റെ സംസാരം ഞങ്ങളെ പിടിച്ചിരുത്തി.പുതിയതലമുറയ്ക്ക് കൃഷി അന്യവും അനാകർഷകവുമായി തീരുവാനുള്ള കാരണങ്ങൾ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം വിശദമാക്കി.കൃഷിയുമായി ബന്ധപ്പെട്ട ധാരാളം ലോകവിവരങ്ങൾ അദ്ദേഹത്തിൽ നിന്നു ലഭിച്ചു. ഏതാണ്ട് ഒരുമണിക്കൂറോളം നീണ്ട ചർച്ചയ്ക്ക് ശേഷം കുറെ ഹൈബ്രിഡ് ഫലവൃക്ഷതൈകളും സംഭാവനയായി നൽകിയിട്ടാണ് അദ്ദേഹം ഞങ്ങളെ യാത്രയാക്കിയത്.  .തികച്ചും സംതൃപ്തമായി മനം നിറഞ്ഞ് ഞങ്ങൾ അവിടെ നിന്നും ഇറങ്ങി.



## ശ്രീ.സി.ആർ കോമളവല്ലി

വിദ്യാലയം പ്രതിഭകളെ തേടി പുറത്തേക്ക് പോകുമ്പോൾ വിദ്യാലയത്തിന് അകത്തുള്ള പ്രതിഭകളെയും സ്മരിക്കേണ്ടതാണ്.മികച്ച അധ്യാപികക്കുള്ള സംസ്ഥാന അവാർഡ് ജേതാവ് ശ്രീ.സി.ആർ കോമളവല്ലി ടീച്ചറുമായി സംവദിക്കുന്നു.പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് പഠനത്തിന്റെയും എഴുത്തിന്റെയും കലാജീവിതത്തിന്റെയും ഉയരങ്ങൾ കീഴടക്കിയ ടീച്ചറിന്റെ ജീവിതവും പ്രവർത്തനങ്ങളും കുട്ടികൾക്ക് പ്രചോദനവും പുതിയ അനുഭവമായി

വിദ്യാരംഗം കലാ സാഹിത്യ വേദിയിൽ അധ്യാപകർക്കുള്ള കഥ, കവിത മത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 8, 9, 10, ക്ലാസ്സുകളിലെ ഹിന്ദി പഠന വസ്തു നിർമ്മാണം., തിരക്കഥ, സംഭാഷണം ,ഡബ്ബിംഗ്, നിർമ്മാണം എന്നി മേഖലകളിൽ ടീച്ചറുടെ സംഭാവനകൾ ശ്രദ്ധേയമാണ്. ,വാപ്പസി' എന്ന ഹിന്ദി ലഘു ചിത്രം നിർമ്മിക്കുകയും കുട്ടികളുടെ ഫിലിം ഫെസ്റ്റിവെലിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.ഇത് SCERT യുടെ വീഡിയോ ലൈബ്രറിയിൽ സ്വീകരിച്ചിട്ടുണ്ട്.



# തോമസ് ദേവസ്യ

വിദ്യാലയം പ്രതിഭകളെ തേടി പുറത്തേക്ക് പോകുമ്പോൾ വിദ്യാലയത്തിന് അകത്തുള്ള പ്രതിഭകളെയും സ്മരിക്കേണ്ടതാണ്.നമ്മുടെ വിദ്യാലയത്തിൽ 2005 മുതൽ സേവനമനുഷ്ഠിക്കുന്ന,വിദ്യാലയത്തിന് അകത്തുംപുറത്തും തന്റെ സേവനമേഖല വികസിപ്പിച്ച,വിദ്യാലയത്തിന്റെ പ്രശസ്തി വാനോളമുയർത്തിയ അധ്യാപകരിൽ ഒരാളായ തോമസ് ദേവസ്യ എന്ന പ്രതിഭ. നാടക അഭിനയം, രചന, സംവിധാനം, സിനിമ സംവിധായകൻഎന്നീ രംഗങ്ങളിൽ 25 വർഷമായി പ്രവർത്തിക്കുന്നു. സ്കൂൾ കോളേജ് നാടകമത്സരങ്ങളിൽ നാടകാഭിനയത്തിൽ നിരവധി തവണ മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടു.സംസ്ഥാന ദേശീയ- പുരസ്കാരങ്ങൾ നേടിയ നിരവധി ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും എഴുതി സംവിധാനം ചെയ്തിട്ടുണ്ട്.പ്രകൃതി - പുരുഷൻ-പുരോഗതി,മണ്ണ്, രാമേട്ടന്റെ പാഠം, കാവൽ വനം, തുടങ്ങിവയാണ് പ്രധാന ഡോക്യംമെൻററികൾ.വേട്ടമൃഗം, തരുജന്മം, ഹൃദയാലു, ചായം തേച്ച വേരുകൾ, എന്നിയാണ് പ്രധാന ഹ്രസ്വചിത്രങ്ങൾ.

2007, 2011 വർഷങ്ങളിൽ വിദ്യാരംഗം കലാ സാഹിത്യ വേദി സംസ്ഥാന തലത്തിൽ അധ്യാപകർക്കായി നടത്തുന്ന തിരക്കഥ രചനയിൽ ഒന്നാം സ്ഥാനം നേടി.

______2015 ൽ മലേറ്റം എന്ന കുട്ടികളുടെ ഫീച്ചർ ഫിലിമിന് മികച്ച ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് നേടി.ഡൽഹി, ബോംബെ, കൽക്കത്ത, ബാംഗ്ലൂർ,ധാക്ക, (ബംഗ്ലാദേശ്) എക്കുർഹലേനി (സൗത്ത് ആഫ്രിക്ക ) അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട് മലേറ്റം.



## അന്നത്തെ ആ വായനയല്ല ഇന്നത്തെ ഈ വായന

ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടർ അടക്കമുള്ള പുതു തലമുറ സാങ്കേതിക വിദ്യകളുടെയും വരവോടെ വായന മരിക്കുന്നതായുള്ള ഭീതി ശക്തമായിത്തീർന്നിരുന്നു. വായന എന്നത് അച്ചടിട്ട പുസ്തകങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും മാത്രം സാധ്യമാകുന്ന ഒന്നാണെന്ന ധാരണയായിരുന്നിരിക്കാം ഈ ആശങ്കക്ക് കാരണമായത് യഥാർത്ഥത്തിൽ കമ്പ്യൂട്ടറും മൊബൈൽ ഫോണും ഇന്റർനെറ്റുമെല്ലാം അടങ്ങുന്ന ഡിജിറ്റൽ ലോകം വായനയെ എങ്ങെനെയാണ് സ്വാധീനിച്ചത്?പുതിയൊരു പുസ്തകം തുറക്കുമ്പോൾ പുത്തൻ കടലാസിന്റെയും അച്ചടി മഷിയുടെയും മണം ആസ്വദിച്ച് കൊണ്ട് വായന ആരംഭിക്കുന്നതിന്റെ ഗൃഹാതുരത ഇന്ന് കാലഹരണപ്പെട്ട് കഴിഞ്ഞു.അച്ചടിച്ച പുസ്തകതാളുകളിൽ നിന്ന് ഇന്ന് വായന കമ്പ്യൂട്ടറിലേക്കും മൊബൈൽ ഫോണിലേക്കും വായനക്കായുള്ള പ്രത്യേക ഉപകരണങ്ങളിലേക്കും വായനക്കായുള്ള പ്രത്യേക ഉപകരണങ്ങളിലേക്കും(ഇ-ബുക്ക് റീഡറുകൾ) വികസിച്ചിരിക്കുന്നു.പുസ്തകം ഇല്ലാതായാലും വായന മരിക്കുകയല്ല വളരുകയാണെന്ന് ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞു.അച്ചടിച്ചതും അല്ലാത്തതുമായ പുസ്തകങ്ങളുടെ പ്രചാരവും വില്പനയും നാൾക്കുനാൾ വർധിച്ച് വരുന്ന സാഹചര്യം ഇതാണ് നമ്മോട് പറയുന്നത്

പുതു തലമുറയിലെ ഉപകരണങ്ങൾ മനുഷ്യജീവിതത്തിന്റെ അഭിവാജ്യ ഘടകമായതോടെ വായനയുടെ ആകാശം വികസിക്കുകയായിരുന്നു.ഇന്റർനെറ്റ് അടക്കമുള്ള വിവരസാങ്കേതിക വിദ്യകളും ഉപകരണങ്ങളും വായനക്ക് പുതിയ ആകാശങ്ങൾ തുറന്ന് തരികയാണ് ചെയ്തതെന്ന് കാലം തെളിയിക്കുന്നു വായനയല്ല വായനയുടെ പരമ്പരാഗത രീതിയാണ് മാറുന്നതെന്നാണ് സത്യം

## കനവ്

മന മതിൻ നാളുകൾ
എന്തേ നീ അതിൽ തൊട്ടു?
മെല്ലെ എന്തേ നീ അതിൽ തൊട്ടു...
തെളിവാർന്നൊരെൻ മനം അതിലേക്കു മായാതെ
ഞാനതിൽ പൊത്തിൽ ഒളിച്ചു
എന്നാലും എന്തേ നീ അതിൽ തൊട്ടു....
വഴിയതിൻ വീഥിയിൽ ഇടവഴി വീചിയിൽ
പതറി തെറിച്ചു ഞാനപ്പോൾ
എങ്ങാനും പതറി തെറിച്ചു പോമപ്പോൾ
വന്നു എന്തിനെൻ  ചുറ്റുപാടപ്പോൾ
പിന്നെ എന്തിനെന്നെ തൊട്ടുണർത്തി......

അമൃതശ്രീ
മോഹൻ:10A


ജൈത്രം - 2020
PhotoCollage


ശ്രദ്ധ ഉദ്ഘാടനവും ക്ലാസുകളും
PhotoCollage


ശ്രദ്ധ UP
PhotoCollage

# പി ടി എ

26/10/2018 തീയ്യതി ചേർന്ന പി ടി എ ജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുത്ത 11 അംഗ രക്ഷിതാക്കളുടെ പ്രതിനിധികൾ സ്റ്റാഫ് യോഗം തിരഞ്ഞെടുത്ത 10 അംഗ പ്രതിനിധികൾ എന്നിവരങ്ങിയ 21 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് നിലവിലുള്ളത്.12 എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്.ശ്രീ.അജയകുമാർ പ്രസിഡന്റായും മുഹമ്മദ് വളോര വൈ. പ്രസിഡന്റായും പ്രവർത്തിച്ച വരുന്നു.പി ടി എ നടത്തിയവയും നടപ്പുവർഷം വിദ്യാലയത്തിൽ നടന്നതുമായ പ്രവർത്തതങ്ങളാണ് സംക്ഷിപ്തമായി ഇവിടെ അവതരിപ്പിക്കുന്നത്.



# പ്രവേശനോത്സവം

06/06/2019 ന് സ്കൂളിൽ പ്രവേശനോത്സവം സംഘടിപ്പിച്ചു ആകർഷകമായ രീതിയിലാണ് പരിപാടി സംഘടിപ്പിച്ചത്.ബഹു.നഗരസഭ ചെയർമാൻ പി പി അശോകൻ പ്രവേശനോത്സവം പരിപാടി ഉദ്ഘാടനം ചെയ്തു.വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ പി പി ഉസ്മാൻ അധ്യക്ഷത വഹിച്ചു.



## മൂല്യമുള്ള മൂന്നാംതരം

മുൻസിപ്പാലിറ്റിയുടെ സഹായത്തോടെ ശിശുസൗഹൃദമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നൊ തരത്തെ മികച്ചതാക്കിയിട്ടുണ്ട്.



## ജെ ആർ സി / സ്കൗട്ട്

നാൽപത് കുട്ടികളടങ്ങിയ ജെ ആർ സി യൂണിറ്റ് ശ്രീ ജയകുമാർ മാസ്റ്ററുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.ശുചിത്വബോധം,സാമൂഹികസേവനം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു.



# സങ്കലിത വിദ്യാഭ്യാസം

മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഒരു ഐഇഡി റിസോഴ്സ് റൂം പ്രവർത്തിക്കുന്നു.ശ്രീമതി ജിൽസമ്മ ജോസഫിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.









# കൗൺസിലിംഗ്

സാമൂഹ്യനീതി വകുപ്പിന്റെ സൈക്കോ-സോഷ്യൽ കൗൺസിലിംഗ് സെന്റർ കഴിഞ്ഞ 11 വർഷമായി പ്രവർത്തിച്ചു വരുന്നു.കുട്ടികളുടെ മാനസികാരോഗ്യം.വ്യക്തി വികാസം,പഠനപ്രശ്നങ്ങൾ എന്നിവയിൽ സേവനം നടത്തി വരുന്നു.ശ്രീമതി റോസ് മേരി മാത്യു കൗൺസിലറായി പ്രവർത്തിക്കുന്നു.



## ലിറ്റിൽ കൈറ്റ്സ്

ഒൻപതാം ക്ലാസ്സിലെ കുട്ടികൾക്കായി ലിറ്റിൽ കൈറ്റ് പരിശീലനം നടന്നു വരുന്നു.വിവരസങ്കേതിക വിദ്യയിൽ കുട്ടികളെ നിപുണരാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണിത്.വൃന്ദ സി എച്ച് ,വി പി നസീർ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.



## എസ് പി സി



## പേപ്പർബാഗ് നിർമ്മാണം





# വാർഷികം





## തൈക്കോണ്ടോ





# കലോൽസവം





# <u>കരാട്ടെ</u>





## വലയസൂര്യഗ്രഹണം








# നിറക്കൂട്ട്







# നന്ദി

ശാസ്ത്രീയമായ രീതിൽ കീബോഡ് ഉപയോഗിച്ചുള്ള അക്ഷരനിവേശനത്തിന് പ്രാധാന്യം നൽക് കൊണ്ട് നിർമ്മിച്ച ഈ മാഗസിൻ നിർമ്മാണത്തിൽ മാർഗനിർദ്ദേശം നൽകിയവർക്കും രചനകൾ തയ്യാറാക്കിയ കുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് യുണിറ്റിന്റെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

വി പി നസീർ

